കൊച്ചീ ഗവർമ്മെൻറിന്റെ ധനസ്ഥിതി അതിനനുവദിക്കുന്നില്ല എന്നല്ലേ?

**Mr. President.**—While I would allow the fullest liberty to ask for genuine information, I cannot allow Government Members to be cross-examined by lawyers in this House. No more questions will be allowed on this.

## High Schools—Ollur and Cherpu—particulars regarding.

**58. Mr. P. Kumaran Ezhuthassan** *(Wadakkancheri).*— Will the Government be pleased to state:—

(a) the distance between the Sirkar High School at Ollur and the management High School at Cherpu;

(b) the strength of the Upper Secondary classes in these two schools this educational year;

(c) the distance between the Sirkar High Schools at Ollur and Trichur?

**Rao Sahib I. N. Menon** *(Director of Public Instruction).*—
(a) About 5 miles.

(b)

| | *H. S., Ollur.* | *C. N. N. H. S., Cherpu.* |
|---|---|---|
| Form VI | 40 | 40 |
| ,, V | 87 | 48 |
| ,, IV | 47 | 53 |
| Total | 124 | 141 |

(c) Three miles and four furlongs.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Wadakkancheri).*— ഒല്ലൂർ സർക്കാർ ഹൈസ്കൂളിൽനിന്നും ചേപ്പ് ഹൈസ്കൂളിലേക്ക് ഏ നാഴിക ദൂരമുണ്ടെന്നു പറഞ്ഞിരിക്കുന്നു. ഇതു ഉദ്ദേശമായിട്ട പറഞ്ഞിരിക്കുന്നതല്ലേ? അതോ അന്വേഷണം നടത്തിയതിനുശേഷം പറഞ്ഞിരിക്കുന്നതോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction).*— വേണ്ടിടത്തോളം അന്വേഷണങ്ങൾ നടത്തിയും അവിടെ ഗതാഗതം ചെയ്യുവരുന്ന ആളുകളോട പ്രത്യേകിച്ചു ചോദിച്ചും

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുള്ളതാണ്. That is the only ordinary route and not by any short cut.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).— ഒല്ലൂർ ഹൈസ്കൂളും തൃശ്ശൂർ ഹൈസ്കൂളും തമ്മിൽ ഉള്ള ദൂരം മൂന്നു മൈൽ 7 ഫർലോങ്ങ് എന്നു പറഞ്ഞിരിക്കുന്നു. അവിടെ സൌകര്യത്തോടുകൂടിയുള്ള ബസ്സ് സർവ്വീസ് ധാരാളം നടക്കുന്നുണ്ടെന്നു ഗവർമ്മെൻറിനറിയാമോ?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— തൃശ്ശൂരിൽതന്നെ ധാരാളം സൌകര്യങ്ങളുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).— അതു് എന്റെ ചോദ്യത്തിനുള്ള മറുപടിയായില്ല.

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— ബസ്സുകളുണ്ട്.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ (*Urakam*).— ചേർപ്പു ഹൈസ്കൂൾ തുടങ്ങുന്നതിനു വളരെക്കാലം മുമ്പല്ലേ ഒല്ലൂർ ഹൈസ്കൂൾ സ്റ്റാർട്ട് ചെയ്തിട്ടുള്ളതു്?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— അല്ല.

## Admission—T. D. H. S.—boys and girls of the Depressed Classes.

൭൯. മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— താഴെപറയുന്ന ചോദ്യങ്ങൾക്കു് ഗവർമ്മെണ്ടു് സദയം മറുപടിപറയുമോ:—

(ക) ടി. ഡി. ഹൈസ്കൂളിൽ പുലയൻ, പറയൻ, ഉള്ളാടന്മാർ, വെട്ടുവർ, ഈഴവർ, വാലന്മാർ, അരയർ മുതലായ താഴ്ത്തപ്പെട്ട സമുദായങ്ങളിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കു് പ്രവേശനം അനുവദിച്ചിട്ടുണ്ടോ;

(ഖ) ഉണ്ടെങ്കിൽ എന്നു മുതൽക്കാണു് ആ പ്രവേശനം അനുവദിച്ചിട്ടുള്ളതു്;

(ഗ) പ്രസ്തുത സമുദായങ്ങളിൽപെട്ട എത്ര വിദ്യാർത്ഥി വിദ്യാർത്ഥിനികൾ ഇപ്പോൾ അവിടെ പഠിച്ചുവരുന്നുണ്ടു്?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).—(ക) ഇല്ല.

(ഖ), (ഗ) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly